പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3920

24.08.2017 ൽ
മറുപടിയ്ക്ക്

## കീഴ് കോടതികളിലെ നിയമനത്തിന് ജുഡീഷ്യൽ പരീക്ഷ

**ചോദ്യം**

ശ്രീ. കെ.കൃഷ്ണൻകുട്ടി
ശ്രീ.എ.കെ. ശശീന്ദ്രൻ
ശ്രീ.കോവൂർ കുഞ്ഞുമോൻ
ശ്രീ.കെ.ബി.ഗണേശ് കുമാർ

**മറുപടി**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) കീഴ് കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ നിയമനത്തിന് അഖിലേന്ത്യാതലത്തിൽ നീറ്റ് മാതൃകയിൽ ജുഡീഷ്യൽ പരീക്ഷ നടത്തണമെന്ന കേന്ദ്ര സർക്കാർ നിലപാട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ, ഈ വിഷയത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും നിയമോപദേശം ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ കേരള ഹൈക്കോടതി എന്തൊക്കെ കാര്യങ്ങളിലാണ് കേന്ദ്രത്തോട് വിശദീകരണം തേടിയിട്ടുള്ളത് എന്നറിയാമോ; വ്യക്തമാക്കുമോ?

(എ) യും (ബി) യും ഈ വിഷയത്തിൽ കേരള ഹൈക്കോടതി കേന്ദ്ര സർക്കാറിൽ നിന്നും വിശദീകരണങ്ങളൊന്നും നേടിയിട്ടില്ലെന്നും എന്നാൽ കേരള ഹൈക്കോടതിയുടെ അഭിപ്രായം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ-പ്പെടുത്തിട്ടുണ്ടെന്നും ഹൈക്കോടതി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ യാതൊരു നിർദ്ദേശങ്ങളും ബഹു.സുപ്രീംകോടതിയിൽ നിന്നും ലഭിച്ചിട്ടില്ല. അപ്രകാരം എന്തെങ്കിലും നിർദ്ദേശം ലഭിക്കുന്നമുറയ്ക്ക് സർക്കാർ നിലപാട് സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ